പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2163 13.6.2019 ൽ മറുപടിയ്ക്ക്

# സ്പെഷ്യൽ സ്കൂളുകൾക്ക് ആശ്വാസ പാക്കേജ്

ചോദ്യം

മറുപടി

ശ്രീ.സി. കെ. ശശീന്ദ്രൻ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ബഡ്സ് സ്കൂൾ ഉൾപ്പെടെയുള്ള സ്പെഷ്യൽ സ്കൂളുകൾക്കായി സമഗ്രമായ ആശ്വാസ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; | (എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾക്കായി ഒരു സമഗ്ര പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് സ്വീകരിച്ചു വരുന്ന തുടർനടപടികൾ വിശദമാക്കാമോ? | (ബി) ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9.8.2018 ൽ ചേർന്ന യോഗത്തിൽ ആരോഗ്യ, വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, സാമൂഹ്യനീതി, ധനവകുപ്പ് സെക്രട്ടറിമാരുടെ യോഗം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടി ആവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണെന്നും ടി മാർഗ്ഗരേഖ ബന്ധപ്പെട്ട മന്ത്രിമാരുടെ അംഗീകാരത്തോടെ ബഹു:മുഖ്യമന്ത്രിയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി.<br>പാക്കേജിനോടനുബന്ധിച്ച് മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. ടി വിഷയം ചർച്ച ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി, ആരോഗ്യ, വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, സാമൂഹ്യനീതി, ധന വകുപ്പ് സെക്രട്ടറിമാരുടെ യോഗം 17.6.2019 ന് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ